II ഇ.ബി. XIII-കേരള നിയമസഭ/XII-3

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 3, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6 (*61) ആയുർവേദ മരുന്നു പരീക്ഷണം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, ആയുർവേദ മേഖലയിൽനിന്നും വ്യാജന്മാരെ ഒഴിവാക്കുന്നതിനും ഗുണമേന്മയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുമായി മരുന്നുപരീക്ഷണത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും ഇതിനായി 10 കമ്പനികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പല മരുന്നുകളുടെയും ചേരുവകളിൽ വ്യാജ മരുന്നുകൾ ചേരുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ

മരുന്ന് പരീക്ഷണത്തിനുവേണ്ടിയുള്ള സമഗ്രമായ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പുതുതായി അനുമതി നൽകാനുദ്ദേശിക്കുന്ന പേറ്റന്റ്/പ്രൊപ്രൈറ്ററി ആയുർവേദ മരുന്നുകളുടെ ഫലപ്രാപ്തി തെളിയിക്കുന്നതിനുള്ള ക്ലിനിക്കൽ സ്റ്റഡി നടത്തുന്നതിന് ഗവണ്മെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം, ഗവണ്മെന്റ് ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ, വി.പി.എസ്.വി. അയുർവേദ കോളേജ്, കോട്ടയ്ക്കൽ എന്നീ സെന്ററുകളെയും സേഫ്റ്റി സ്റ്റഡി (അനിമൽ സ്റ്റഡി) നടത്തുന്നതിന് കൊരട്ടിയിലുള്ള കെയർ കേരളയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയുർവേദ ഔഷധങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ ഒൻപത് വിഭാഗങ്ങളിൽ ഒരെണ്ണം ആയുർവേദത്തിനുമാത്രമായി നീക്കിവയ്ക്കുകയും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചുള്ള പരിശോധനകൾ നടത്തുന്നതിന് ആധുനിക ഉപകരണങ്ങൾ സജ്ജീകരിച്ച് 3 അനലിസ്റ്റുകളുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, കോഴിക്കോട് എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിൽ ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഓരോ വിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. മരുന്നുകളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് പരാതി ലഭ്യമായാൽ പ്രസ്തുത മരുന്നുകൾ

പിടിച്ചെടുത്ത് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്; ഗുണമേന്മ പരിശോധനയുമായി ബന്ധപ്പെട്ട് 113 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. മരുന്നുകൾക്ക് നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള വിലയെക്കാൾ കൂടുതൽ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുട്ടികളിൽ കണ്ടുവരുന്ന ജീവിതശൈലി രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനെസ് പ്രോഗ്രാം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; യോഗ പോലുള്ള കർമ്മ പദ്ധതികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഔഷധ സസ്യബോർഡിന് രൂപം നൽകുകയും എല്ലാ സ്കൂളുകളിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'ഗ്രാമീണം' പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ആയുർവേദ മേഖലയിൽ പഴയ ചികിത്സാ സമ്പ്രദായങ്ങളും രേഖകളും കണ്ടെത്തി സംരക്ഷിക്കുന്നതിന് ഗൗരവപൂർവ്വമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

7 (*62) <u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 75000 രൂപ നിരക്കിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 1.5 ലക്ഷം രൂപ നിരക്കിൽ 4.5 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 2 ലക്ഷം രൂപ നിരക്കിൽ 6 ലക്ഷം രൂപയും നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് വീടുവയ്ക്കാൻ യോഗ്യമല്ലാത്ത ഭൂമി വാങ്ങുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. 2008-ന് ശേഷം പണത്തിന്റെ അപര്യാപ്തത മൂലം പൂർത്തീകരിക്കാൻ കഴിയാത്ത വീടുകൾക്ക് വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായ നിരക്കിൽ പണം നൽകി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനുപുറമേ അർഹതപ്പെട്ടവർക്ക് 50,000 രൂപ വീതം മെയ്ന്റനൻസ് ഗ്രാന്റും നൽകിവരുന്നുണ്ട്.

2006 മാർച്ച് 31 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എസ്.സി./എസ്.ടി. കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുകയും 2010 മാർച്ച് 31 വരെ എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. പട്ടികജാതി വികസന നയം ഉടൻ പ്രഖ്യാപിക്കുന്നതാണെന്നും വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നവീകരിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചുവരിയാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

8 (*63 & *87) <u>അട്ടപ്പാടിയിലെ ശിശുമരണം</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അട്ടപ്പാടിയിൽ 2013 ജനുവരി മുതൽ നവംബർ വരെ നടന്ന 530 ആദിവാസി പ്രസവങ്ങളിൽ 31 ശിശുമരണങ്ങളും, 2014 ജനുവരി മുതൽ നവംബർ വരെ നടന്ന 535 ആദിവാസി പ്രസവങ്ങളിൽ 13 ശിശുമരണങ്ങളും ഉണ്ടായിട്ടുണ്ടെന്നും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സർക്കാരിന്റെ മെച്ചപ്പെട്ട പ്രവർത്തനങ്ങളുടെ ഫലമായി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു.

ശിശുമരണം ആവർത്തിക്കാതിരിക്കുന്നതിനും പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനുമായി ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല അവലോകന യോഗം നടത്തിവരുന്നു. ഈ മേഖലയിൽ 43 ഡോക്ടർമാരുടേതുൾപ്പെടെ 75 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. 3000 പേർക്ക് ഒരു ഉപകേന്ദ്രം എന്ന കണക്കിൽ അഡീഷണൽ ജെ.പി.എച്ച്.എൻ.മാരെ നിയമിച്ചുകൊണ്ട് 28 ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. കോട്ടത്തറയിൽ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ലാബ് സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ സൗകര്യം, കുടിവെള്ള പദ്ധതി, ഡോക്ടർമാരുടെ ക്വാർട്ടേഴ്സുകൾ, ഇ.സി.ജി. സൗകര്യം എന്നിവ ഏർപ്പെടുത്തുകയും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജി, ശിശുരോഗവിഭാഗം, ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., ഡെന്റൽ സർജറി തുടങ്ങിയ സ്പെഷ്യാലിറ്റികളിലായി 20 ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുകയും ഐ.എം.എ.യുടെ സഹകരണത്തോടെ ഒരു അൾട്രാ സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അഗളി സി.എച്ച്.സി.യിൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് ആരംഭിക്കുകയും പുതൂർ പി.എച്ച്.സി.യിൽ ഐ.പി. സൗകര്യം ഏർപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്കിൽഡ് സ്റ്റാഫ് എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഡോക്ടർമാർക്കും നഴ്സുമാർക്കും കേന്ദ്രസർക്കാർ അംഗീകൃത ട്രെയിനിംഗ് സെന്ററായ മദ്രാസ് മെഡിക്കൽ കോളേജിൽ വിദഗ്ധ പരിശിലനം നൽകിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ നിലവിലുള്ള രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്കു പുറമേ മൂന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൂടി ആരംഭിച്ചു. ഈ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനും എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും രണ്ടു കോടി രൂപ അനുവദിച്ചു. അഗളി സി.എച്ച്.സി.യിലും പുതുർ, ഷോളയൂർ പി.എച്ച്.സി.കളിലും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ച് ഗുരുതര പോഷണക്കുറവുള്ള കുഞ്ഞുങ്ങളെ പുനരധിവസിപ്പിക്കുകവഴി അവരുടെ ആരോഗ്യനില മെച്ചപ്പെടുത്താൻ കഴിഞ്ഞു. ഗുരുതരമായ പോഷകക്കുറവുള്ള മുലയൂട്ടുന്ന അമ്മമാരെയും, ഗർഭിണികളെയും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററിൽ (എൻ.ആർ.സി.) താമസിപ്പിച്ച് ആവശ്യമായ പരിരക്ഷ നൽകിവരുന്നുണ്ട്. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരത്തിന്റെ ആവശ്യകത,

വ്യക്തി ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം നൽകുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ പ്രാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. ആശാ അംഗൻവാടി പ്രവർത്തകരെ ഏകോപിപ്പിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. അട്ടപ്പാടി മേഖലയുടെ വികസനത്തിനും അവിടെത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമ്പത്തികം ഒരു പ്രശ്നമാകില്ലെന്നും മുൻകാലങ്ങളിൽ ഈയിനത്തിൽ അനുവദിച്ച തുക ലാപ്സായിട്ടില്ലെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 708 മുതൽ 1053 വരെയുള്ള ചോദ്യങ്ങളിൽ 63 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)